LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയവ സംബന്ധിച്ചുള്ള ബോധവൽക്കരണം നേരിട്ടും ചെറുസംഘങ്ങളിലൂടെയും പഞ്ചായത്ത് തലങ്ങളിൽ നടത്തിവരുന്നു. കൂടാതെ വിവിധ രോഗങ്ങളെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, ബാനറുകൾ, ചുവരെഴുത്ത് എന്നിവയിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. വിവിധ ജില്ലകളിൽ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നീ ജനത്തിരക്കേറിയ മേഖലകൾ കേന്ദ്രീകരിച്ച് ബോധന പരിശീലന പരിപാടികളും പ്രചരണവും നടത്തുന്നുണ്ട്. കഴിഞ്ഞ മാസങ്ങളിലും ഇത്തരം പരസ്യ ബോധന പരിശീലന പരിപാടികൾ നടത്തിയിരുന്നു. എഫ്.എം. റേഡിയോ വഴി പ്രതിരോധ കുത്തിവയ്പിന്റെ ആവശ്യകതയെപ്പറ്റി റേഡിയോ പരസ്യങ്ങളും നൽകുന്നുണ്ട്. ഒപ്പം ലഘുരേഖകൾ അച്ചടിച്ചും ദേശീയ ആരോഗ്യ ദൗത്യം ജില്ലാ മെഡിക്കൽ ആഫീസുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. ദേശീയ നഗരാരോഗ്യ ദൗത്യത്തിന് കീഴിൽ പ്രതിരോധ കുത്തിവെയ്പിനെപ്പറ്റി വീഡിയോ പരസ്യ ചിത്രങ്ങൾ നിർമ്മിക്കുന്നുണ്ട്. അനുയോജ്യമായ മാധ്യമങ്ങളിൽ ഇവ പ്രദർശിപ്പിക്കുകയും ചെയ്യും. റുബെല്ലാ വാക്സിൻ, ഡിഫ്ത്തീരിയ, പോളിയോ തുടങ്ങി വിവിധ വാക്സിനുകളെ പരാമർശിച്ച് ലഘുരേഖകളും കൈപുസ്തകങ്ങളും തയ്യാറാക്കി നൽകും. ജില്ലകളിൽ ജില്ലാ പ്രോഗ്രാം ആഫീസർ മുഖേന പരിശീലന കളരികളും ശില്പശാലകളും സംഘടിപ്പിക്കും.

(സി) വാക്സിനുകളും മരുന്നുകളും നിർമ്മിക്കുന്ന സ്ഥലങ്ങളിൽ നിന്നും അവസാന ഗ്രണഭോക്താവിൽ എത്തുന്നതുവരെ നിർമ്മാതാക്കൾ നിർദ്ദേശിച്ചിട്ടുള്ള ഊഷ്മാവിലാണ് സൂക്ഷിക്കപ്പെടുന്നതും കൈകാര്യം ചെയ്യുന്നതും. ഇത് കൃത്യമായി എല്ലാ സ്ഥാപനങ്ങളിലും നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നുണ്ട്.

ഡോക്ടർമാരുടെ ഒഴിവുകൾ

113(2582) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദം, ഹോമിയോപ്പതി, അലോപ്പതി മേഖലകളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളാണ് ഉള്ളത്;

(ബി) ഈ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ എന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആയുർവേദ, ഹോമിയോപ്പതി, അലോപ്പതി മേഖലകളിൽ വിവിധ ഡോക്ടർമാരുടെ ആകെ ഒഴിവുകൾ താഴെ പറയുന്നു:

ആയുർവേദം	:	40
ആയുർവേദ വിദ്യാഭ്യാസം	:	9
ഹോമിയോപ്പതി വകുപ്പ്	:	68
ഹോമിയോ വിദ്യാഭ്യാസം	:	37
ആരോഗ്യ വകുപ്പ്	:	648
ആരോഗ്യ വിദ്യാഭ്യാസം	:	444

(ബി) ഹോമിയോ മെഡിക്കലാഫീസർ തസ്തികയിലും ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻ തസ്തികയിലും റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. മറ്റ് തസ്തികയിലെ ഒഴിവുകൾ യഥാകാലം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡർ തസ്തികയിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നടത്തുന്നു.

പാരാമെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കെട്ടിടം

114(2583) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പാരാമെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും; വിശദാംശം നൽകുമോ?

ഉത്തരം

പാരാമെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെയും ഹോസ്റ്റൽ കെട്ടിടത്തിന്റെയും ശിലാസ്ഥാപനം 2015 ആഗസ്റ്റ് 7-ാം തീയതി നടന്നു. കെട്ടിടങ്ങളുടെ പണി 19-11-2015-ന് തുടങ്ങി. എഗ്രിമെന്റ് പ്രകാരം മുഴുവൻ പണിയും 18 മാസം കൊണ്ട് പൂർത്തിയാക്കേണ്ടതാണ്.

GPM. 2/242/2020-26

LIBRARY ARCHIVES Kerala Legislative Assembly